# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 15 No. 6 | PUBLISHED FROM DELHI | PRICE Rs. 3/- | JUNE 2011

## ചിൽഡ്രൻസ് ഫെസ്റ്റ് 2011 വൻ വിജയം

**നെല്ലിമൂകൾ:** മദ്ധ്യവേനലവധി കാലത്ത് കുട്ടികൾക്കായി നെല്ലിമുകൾ ഫെയ്ത്ത് ഫെലോഷിപ്പ് സഭയുടെ ആഭിമുഖ്യത്തിൽ 2011 മെയ് 2 മുതൽ 7 വരെ ചിൽഡ്രൻസ് ഫെസ്റ്റ് നടത്തപ്പെട്ടു. മനുഷ്യന്റെ സംസ്ക്കാരവും ജീവിതവും തകർന്ന കപ്പൽ പോലെ നിലംപരിചായിക്കൊണ്ടിരിക്കുന്നു. മനുഷ്യ ബന്ധങ്ങളുടെ തകർച്ചയും വഴിവിട്ടുപോകുന്ന യുവതലമുറയെക്കൊണ്ടും നമ്മുടെ സമൂഹം നശിച്ചുകൊണ്ടിരിക്കുമ്പോൾ അതിന്റെ മദ്ധ്യത്തിൽ ഒരാഴ്ച്ചക്കാലം നീണ്ടു നിന്ന ചിൽഡ്രൻസ് ഫെസ്റ്റിന്റെ "ഹലോ ഗലീല" എന്ന ഏറ്റവും പുതിയ തീം കുഞ്ഞുമനസ്സുകളിൽ ആഴത്തിൽ ദൈവസ്നേഹം വിതറുന്നതിനു കാരണമായി. കഥകളും, ഗാനങ്ങളും, അഭിനയ ഗാനങ്ങളും, വേദപഠനവും, ചിത്രകഥകളും, കളികളും ചേർന്ന് ഒരുക്കപ്പെട്ട ചിൽഡ്രൻസ് ഫെസ്റ്റ് കുട്ടികൾക്ക് യേശുവിന്റെ സ്നേഹം ആഴമായി മനസ്സിലാക്കുവാൻ കഴിഞ്ഞത് വളരെ ആനന്ദകരമായി. 2-ാം തീയതി രാവിലെ സഭാശുശ്രൂഷകൻ പാസ്റ്റർ ഡി. ലാസറിന്റെ അദ്ധ്യക്ഷതയിൽ നടന്ന ഉദ്ഘാടനയോഗത്തിൽ ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് കേരളാ റീജൻ സെക്രട്ടറി പാസ്റ്റർ ഡി. ജോൺ പ്രാർത്ഥിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. വിവേകം പ്രാപിക്കണമെങ്കിൽ നാം ദൈവത്തിന്റെ വാക്കുകൾ കേൾക്കണമെന്നും നേരും നെറിയും ഇല്ലാത്ത തലമുറയിൽ നിർമ്മല മന:സാക്ഷിയുടെ ഉടമസ്ഥരായി മാറുവാൻ കഴിയണമെന്നും അദ്ദേഹം കുട്ടികളെ ആഹ്വാനം ചെയ്തു. പാസ്റ്റർമാരായ വി.എം. ഏബ്രഹാം,വിനോദ് കെ, സുമേഷ് പി. ലാസർ, ബോബി പി. ജോൺ എന്നിവർ ആശംസകൾ അറിയിച്ചു. ഏകദേശം 130-ൽ പരം വിദ്യാർത്ഥികൾ ചിൽഡ്രൻസ് ഫെസ്റ്റിൽ ആവേശത്തോടെ പങ്കെടുത്തു. ബാന്റ് മേളത്തിന്റെ അകമ്പടിയോടെ സമാപനദിവസത്തിൽ നടത്തപ്പെട്ട വി. ബി. എസ്. റാലിയിൽ കുട്ടികളും അദ്ധ്യാപകരും രക്ഷകർത്താക്കളും ദൈവദാസന്മാരും നാട്ടുകാരും അണിനിരന്നത് അക്ഷരാർത്ഥത്തിൽ മലങ്കാവിനെ പുളകമണിയിച്ചു. സഭാശുശ്രൂഷകൻ പാസ്റ്റർ ഡി. ലാസറിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമാപന

(ശേഷം രണ്ടാം പേജിൽ)



*വി.ബി.എസ്സിന്റെ സമാപനത്തോടനുബന്ധിച്ച് നടന്ന സുവിശേഷ റാലിയുടെ ഒരു ദൃശ്യം*

## എഫ്.സി.ബി.സി 6-ാംവർഷത്തിലേക്ക്

**അടൂർ:** ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ നേതൃത്വത്തിൽ അടൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജി (എഫ്. സി. ബി.സി)ന്റെ പ്രവർത്തനം ആറാം വർഷത്തിലേക്ക് പ്രവേശിക്കുന്നു. ഈ അദ്ധ്യയന വർഷത്തെ ക്ലാസ്സുകൾ (2011-2012) ജൂൺ 12 ഞയറാഴ്ച വൈകിട്ട് നാലുമണിക്ക് കോളജ് ചാപ്പലിൽ വച്ച് കോളജ് പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന പ്രത്യേക യോഗത്തിൽ വച്ച് കോളജ് ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടി പ്രാർത്ഥിച്ച് ആരംഭിക്കും. ബ്രദർ ഷെറിൻ വർഗ്ഗീസ് (ന്യൂയോർക്ക്) മുഖ്യ അതിഥിയായിരിക്കും.

പാസ്റ്റർ എം. സാമുവൽകുട്ടിക്ക് ദൈവം നൽകിയ ദർശനത്തിന്റെ സാക്ഷാത്കാരമാണ് ഈ കോളജ്. കഴിഞ്ഞ അഞ്ച് വർഷങ്ങളായി 36 വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കി ദൈവവേലയിലായിരിക്കുന്നു. ഈ വർഷം ബീഹാർ, ഒറീസാ, ഉത്തർപ്രദേശ്, കേരളം എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളാണ് ദൈവവചനം അഭ്യസിക്കുന്നത്. വചന പരിജ്ഞാനവും അത്മനിറവും ഉള്ള അദ്ധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു. ബാച്ചിലർ ഇൻ തിയോളജി, ഡിപ്ലോമ ഇൻ തിയോളജി എന്നീ വിഭാഗങ്ങളിലായി ഇന്റർനാഷണൽ അസോസിയേഷൻ ഫോർ തിയോളജിക്കൽ അക്രെഡിറ്റേഷന്റെ (IATA) അംഗീകാരത്തോടെ നടക്കുന്ന കോഴ്സുകളിലേക്ക് പരിമിതമായ സീറ്റുകൾ മാത്രമാണ് ഉള്ളത്. റെഗുലർ കോഴ്സിൽ പഠിക്കുവാൻ കഴിയാത്തവരും സുവിശേഷവേലയിൽ താല്പര്യവും ദർശനവുമുള്ള ഉദ്യോഗസ്ഥർക്കും കുടുംബസ്ഥർക്കും വേണ്ടി സായാഹ്ന കോഴ്സ് (സർട്ടിഫിക്കറ്റ് ഇൻ തിയോളജി) 6 മണി മുതൽ 8 മണിവരെ (തിങ്കൾ-ബുധൻ) നടത്തപ്പെടുന്നു.

## ദൈവരാജ്യത്തിന്റെ പ്രചാരകരാകുക; പാ. വി. എം. ഏബ്രഹാം

**പഴകുളം:** ദൈവം നമ്മെ ദൈവരാജ്യത്തിന്റെ പ്രഘോഷകരാക്കി മാറ്റിയിരിക്കുകയാണ്. ദൈവസഭ എന്നത് ദൈവരാജ്യമായി, ഭവനമായി, മന്ദിരമായി നിലകൊള്ളേണം. ദൈവരാജ്യത്തിന്റെ ശക്തിയാൽ രോഗികൾ സൗഖ്യമാകുകയും ഭൂതങ്ങൾ വിട്ടുമാറുകയും ആത്മാക്കൾ ദൈവരാജ്യത്തിന്റെ അംഗങ്ങളായി തീരുകയും വേണം എന്ന് പാസ്റ്റർ വി.എം. ഏബ്രഹാം പ്രസ്താവിച്ചു.2011 മെയ് 14-ാം തീയതി പഴകുളം ഫെയ്ത്ത് ഫെലോഷിപ്പ് സഭയിൽ വച്ച് നടന്ന മാസയോഗത്തിൽ (എഫെസ്യർ 2:19-22) വചനശുശ്രൂഷ നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. നാലാം സങ്കീർത്തനം വായിച്ച് പാസ്റ്റർ എബി ജോർജ്ജ് പ്രബോധിപ്പിച്ചു. ഭക്തിയുടെ പ്രകടനം വിശ്വാസികളായ നമ്മുടെ ഉള്ളിന്റെ ഉള്ളിൽ നിന്നും പുറപ്പെട്ടുവരണം. അപ്പോഴാണ് യഥാർത്ഥ ഭക്തി വെളിപ്പെടുന്നത്. യഹോവ തന്റെ ഭക്തന്റെ പ്രാർത്ഥന കേട്ട് അവന് വിശാലത നൽകിക്കൊടുക്കുമെന്ന് പാസ്റ്റർ എബി ജോർജ്ജ് പ്രസ്താവിച്ചു.

തെങ്ങമം സഭയുടെ ശുശ്രൂഷകൻ പാസ്റ്റർ വിനോദ് കെ. മാസയോഗത്തിന് നേതൃത്വം നൽകുകയും പാസ്റ്റർ ബിജു ബഞ്ചമിൻ കർത്തൃമേശ ശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്തു. കേരളത്തിലെ ഫെയ്ത്ത് ഫെലോഷിപ്പ് സഭകളെ ദൈവം നടത്തിയ അനുഗ്രഹീതമായ സാക്ഷ്യങ്ങൾ ഏവർക്കും ഉത്തേജനമായി. എല്ലാ സഭകളിലും നിന്നും ദൈവദാസന്മാരും ദൈവമക്കളും മാസ യോഗത്തിൽ സംബന്ധിച്ചു. പാസ്റ്റർ ബിജു ബെഞ്ചമിൻ പ്രാർത്ഥിച്ച് ആശിർവാദത്തോടെ മാസയോഗം പര്യവസാനിച്ചു. സഭാശുശ്രൂഷകനായ പാസ്റ്റർ ഡി. ജോൺ സ്വാഗതവും സഭാ സെക്രട്ടറി ബ്രദർ ബാബു നന്ദിയും രേഖപ്പെടുത്തി.

## പ്രവർത്തനോദ്ഘാടനവും പഠനോപകരണ വിതരണവും

***അടൂർ:*** ഫെയ്ത്ത് ഫെലോഷിപ്പ് സഭയുടെ പുത്രികാ സംഘടനകളായ സണ്ടേസ്കൂൾ, യുവജന സംഘടനയായ എഫ്.സി. വൈ.എം., സഹോദരി സമാജമായ എഫ്. സി. ഡബ്ല്യു. എ. എന്നിവയുടെ അടുത്ത രണ്ട് വർഷത്തേക്കുള്ള പ്രവർത്തനോദ്ഘാടനം 2011 മെയ് 21-ാം ശനിയാഴ്ച പകൽ 10 മണിക്ക് അടൂർ ഫെയ്ത്ത് ഫെലോഷിപ്പ് സഭയിൽ വച്ച് എഫ്.സി.വൈ.എം. പ്രസിഡന്റ് സുവി. സുമേഷ് പി. ലാസറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് കേരളാ റീജൻ സെക്രട്ടറി പാസ്റ്റർ ഡി. ജോൺ പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്തു.

ഈ യോഗത്തിൽ കർത്തൃദാസന്മാരായ ബോബി പി. ജോൺ, വിനോദ് കെ, വി.എം. ഏബ്രഹാം, എം. ജോർജ്ജ്കുട്ടി, ഡി. ലാസർ, എന്നിവരും സണ്ടേസ്കൂൾ സെക്രട്ടറി ബ്രദർ ശാമുവേൽ, എഫ്.സി.ഡബ്ല്യു.എ. ട്രഷറാർ എൽസി വർഗ്ഗീസ് എന്നിവരും ആശംസകൾ അർപ്പിച്ചു. തുടർന്ന് സങ്കീർത്തനം 5:7 വാക്യം ആസ്പദമാക്കി ദൈവവചനത്തിൽ നിന്ന് പാസ്റ്റർ ബിജു ബഞ്ചമിൻ സംസാരിച്ചു. ഉച്ചയ്ക്ക് ശേഷം എഫ്.സി.ബി.സി. പ്രിൻസിപ്പൾ പാസ്റ്റർ എബി ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ നടന്ന പൊതുയോഗത്തിൽ വച്ച് ഫെയ്ത്ത് ഫെലോഷിപ്പ് സഭകളിലെ വിദ്യാർത്ഥികൾക്ക് പുത്രികാ സംഘടനകളുടെ ആഭിമുഖ്യത്തിൽ പഠനോപകരണ വിതരണം പാസ്റ്റർ ഡി. ജോണും മറ്റ് ദൈവദാസന്മാരും ചേർന്ന് നിർവ്വഹിച്ചു. എഫ്.സി. ഡബ്ല്യു.എ. പ്രസിഡന്റ് സിസ്റ്റർ ലിൻസി ബിജു സ്വാഗതവും എഫ്.സി.വൈ.എം. സെക്രട്ടറി ജോൺസൺ ഡാനിയേൽ നന്ദിയും പ്രകാശിപ്പിച്ചു. ഫെയ്ത്ത് ഫെലോഷിപ്പ് സഭയിലെ എല്ലാ വിശ്വാസികളും ഈ യോഗത്തിൽ സംബന്ധിച്ചു.

❖



*സണ്ടേസ്കൂൾ ട്രഷറാർ ബ്രദർ ബേബി മുകളുവിള പഠനോപകരണ വിതരണം നിർവ്വഹിക്കുന്നു*

*പത്രാധിപ ലേഖനം.......*

# സാധ്യതകളുടെ ജാലകം



ഇന്ന് ഉത്തേജക പ്രസംഗങ്ങളുടെ ബാഹുല്യത്തിനിടയിൽ കൂടെകൂടെ കേൾക്കുന്ന പദമാണല്ലോ സാധ്യതകൾ എന്നുള്ളത്. എല്ലാ മേഖലകളിലും ഇന്ന് ഈ വാക്കിന് വളരെ പ്രാധാന്യമാണ് കൽപ്പിച്ചിരിക്കുന്നത്. വിശ്വാസികളെ സംബന്ധിച്ചും ഏറെ പ്രാധാന്യമുള്ള ഒരു വാക്കാണ് ഇത്.

സാധ്യതകളുടെ ഒരു ദൈവത്തെയാണ് നാം സേവിക്കുന്നതെന്ന് അവകാശപ്പെടുമ്പോൾ തന്നെ പ്രതികൂലങ്ങളുടേയും വൈഷമ്യങ്ങളുടേയും മദ്ധ്യേ പലപ്പോഴും തളർന്നു പോകുക പതിവാണ്. നാം പറയുന്നത് നാം വിശ്വസിക്കാതിരുന്നാൽ മുന്നിലുള്ള വിടുതലിന്റെ സാധ്യത ഇല്ലാതാകുകയാണ്. സാധ്യതകൾ നമുക്ക് മുന്നിൽ തെളിയണമെങ്കിൽ ദൈവിക വാഗ്ദാനങ്ങളിൽ നമുക്ക് വിശ്വാസം ഉണ്ടായിരിക്കേണ്ടത് അനിവാര്യം ആണ്. മർക്കൊസ് 9: 23 ൽ യേശു ഇങ്ങനെ പറയുന്നതായി കാണുന്നു. വിശ്വസിക്കുന്നവന് സകലവും കഴിയും. മരിച്ച് നാറ്റം വമിക്കുന്ന സഹോദരന്റെ ശവത്തെ യേശുവിന് എന്ത് ചെയ്യാം എന്ന് ശങ്കിച്ച മാർത്തയോട് യേശു പറഞ്ഞത് വിശ്വസിച്ചാൽ നീ മഹത്വം കാണും എന്നത്രെ.

പലരും വലിയ വിശ്വാസം പറഞ്ഞിട്ടും പലകാര്യങ്ങൾക്കും തടസ്സം നേരിടുന്നത് നാം സാധാരണ കണ്ടുവരുന്നതാണ്. ഇതിന്റെ കാരണം അധികം ചികയേണ്ടതില്ല; സ്വാർത്ഥതാത്പര്യങ്ങൾ നടന്നുകിട്ടുവാനുള്ള വിശ്വാസവും പ്രാർത്ഥനയുമാണ് നമ്മുടേതെങ്കിൽ അനുഗ്രഹത്തിന്റെ സാധ്യതകൾ അസ്തമിച്ചുപോകും. ഇന്ന് നമ്മുടെ സഭകളിൽ ഏറിയ പങ്കും സാക്ഷ്യങ്ങൾ സ്വന്തകാര്യങ്ങൾ പ്രസ്താവിക്കുവാനും സ്വന്തം ആവശ്യങ്ങൾക്കു വേണ്ടി പ്രാർത്ഥന ആവശ്യപ്പെടുവാനുമാണ് പറയപ്പെടുന്നത്. വ്യക്തിപരമായി മാത്രമല്ല, സഭയുടെ അനുഗ്രഹത്തിനും ഇത്തരം സാക്ഷ്യങ്ങൾ തടസ്സമാണ്. സ്വന്തം രോഗസൗഖ്യം, സ്വന്തം ജോലി, സ്വന്തം വസ്തുവകകൾ, സ്വന്തമക്കളുടെ പഠിത്തം, വിവാഹം , ഭാവി എന്നിങ്ങനെ സങ്കുചിതമായ ജാലകമാണ് പലരും തുറക്കുന്നത്. പിന്നെ എങ്ങനെ അനുഗ്രഹം വരും?

ചിലർക്ക് ഭൗതികനന്മകൾ എത്രലഭിച്ചാലും മതിവരുകയില്ല. ഉള്ളവരും ഇല്ലാത്തവരും ഇന്ന് ഭൗതിക നന്മകളുടെ പുറകെ പരക്കം പായുകയാണ്. പ്രാർത്ഥനകളും ഇവ ലഭിക്കുവാനുള്ള അമിത താല്പര്യങ്ങളാൽ പ്രേരിതമായവയാണ്. യാക്കോബിന്റെ ലേഖനത്തിൽ നാം ഇങ്ങനെ വായിക്കുന്നു, നിങ്ങൾ യാചിക്കുന്നു എങ്കിലും നിങ്ങളുടെ ഭോഗങ്ങളിൽ ചെലവിടേണ്ടതിനു വല്ലാതെ യാചിക്കകൊണ്ട് ഒന്നും ലഭിക്കുന്നില്ല (4:3). ഭൗതിക സമൃദ്ധിയുടെ സുവിശേഷത്തിന്റെ അതിപ്രസരമുള്ള ഈ കാലത്ത് ഈ വാക്യം വളരെ ചിന്തനീയമാണ്. ഭൗതിക നിക്ഷേപങ്ങളിൽ മാത്രം ശ്രദ്ധ പതിപ്പിച്ച് ദൈവസ്നേഹത്തിൽ നിന്നും അകന്നുപോയികൊണ്ടിരിക്കുന്ന വിശ്വാസികളുടെ സമൂഹമാണ് ഇന്ന് ദൈവസഭയുടെ സാധ്യകൾക്ക് മങ്ങലേൽപ്പിക്കുന്നത്.

നാം നമ്മുടെ സ്വന്തകാര്യങ്ങളിൽ മാത്രം ശ്രദ്ധ പതിപ്പിച്ച് ഒറ്റപ്പെട്ട ദ്വീപുകളായി ഒതുങ്ങിക്കൂടിയാൽ മുന്നേറ്റത്തിന്റെ സാധ്യതകൾ നാം കെടുത്തിക്കളയുകയാണ്. സ്വന്തം കൂട്ടുസഹോദരങ്ങളുടെ, സഭയുടെ വെളിയിൽ ഉള്ള നമ്മുടെ ബന്ധുക്കളുടെ, സ്നേഹിതരുടെ കാര്യങ്ങളിൽ കൂടി നാം താത്പര്യം കാണിക്കണം. ഓരോരുത്തൻ സ്വന്തഗുണമല്ല, മറ്റുള്ളവന്റെ ഗുണം അന്വേഷിക്കട്ടെ (1 കൊരിന്ത്യർ16:24) എന്ന പ്രബോധനത്തിന്റെ വിവക്ഷ ആത്മിക വിഷയങ്ങളിൽ എന്ന പോലെ ഭൗതിക വിഷയങ്ങളിലും അടങ്ങിയിരിക്കുന്നു. ജീവിതത്തിന്റെ തിരക്കുകളിൽ പെട്ട് അടിയന്തിരമായ സഹായങ്ങൾ പോലും ചെയ്യുവാൻ നമുക്ക് കഴിയുന്നില്ല. നമ്മുടെ നാട്ടിൽ അനേകം ക്രിസ്ത്യാനികൾ ഉണ്ടായിട്ടും നിരത്തുകളിൽ പിടഞ്ഞുവീഴുന്ന ജീവിതങ്ങളെ രക്ഷിക്കുവാൻ അപൂർവമായാണ് കൈകൾ നീളുന്നത്. പത്രത്തിൽ ഇത്തരം വാർത്തകൾ വായിക്കുമ്പോൾ നല്ല ശമര്യക്കാരന്റെ ചിത്രമാണ് മനസിൽ ഓടിയെത്തുക. കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം എന്നാണ് കർത്താവായ യേശുക്രിസ്തു ഉദ്ധരിച്ചിട്ടുള്ള ഒരു കൽപ്പന.

നാം ഉൾപ്പെട്ടു നിൽക്കുന്ന സഭയിൽപെട്ട വിശ്വാസികളുടെ ആയാലും നമ്മുടെ സമീപവാസികൾ ആയാലും പ്രതിസന്ധികളിൽ അവരെ ഒരു കൈ സഹായിക്കേണ്ടത് നമ്മുടെ കടമയാണ്. പ്രകൃതിക്ഷോഭങ്ങളിൽ ഭവനം തകർന്നവർ, രോഗത്തിന്റെ പിടിയിലമർന്നവർ. മറ്റ് രൂക്ഷമായ പ്രശ്നങ്ങൾ നേരിടുന്നവർ ഇവരെ ആശ്വസിപ്പിക്കുക മാത്രമല്ല, കഴിയുന്ന വിധത്തിൽ സഹായിക്കാനും നമുക്ക് ആകണം. നമ്മുടെ കർത്താവായ യേശു ജനങ്ങളുടെ ആത്മിയകാര്യങ്ങൾക്ക് മാത്രമല്ല ഭൗതിക കാര്യങ്ങളും അന്വേഷിച്ചിരുന്നു. അതുകൊണ്ടാണല്ലോ നിർജ്ജനപ്രദേശത്ത് പ്രസംഗം കേൾക്കുവാൻ തടിച്ചുകൂടിയവർക്ക് യേശു ഭക്ഷണം നൽകി തൃപ്തരാക്കിയത് (മർക്കൊസ് 6:34-44, 8:1-9), കർത്താവ് നമുക്ക് സകലവിഷയങ്ങളിലും മാതൃക കാണിക്കയാൽ അവയെല്ലാം നമുക്ക് പിൻന്തുടരാം.

ആത്മീയ വിഷയങ്ങളിലും ചിലർ സ്വാർത്ഥത കാണിക്കാറുണ്ട്. വരങ്ങൾ, എല്ലാം സ്വന്തമായി തന്നെ ലഭിക്കണം. അല്ലെങ്കിൽ സ്വന്തം സഭയിൽ, സ്വന്തം സംഘടനയിൽ, ആത്മാക്കൾ വന്നാലും സ്വന്തം സഭയിൽ തന്നെ വരണം. ഇത്തരം മനോഭാവം കരണീയമല്ല. നമ്മെപ്പോലെ മറ്റുള്ളവരും വരപ്രാപ്തരാകണം. മറ്റു സഭകളും വളരണം. വിശാലമായ ഹൃദയങ്ങൾക്ക് നാം ഉടമകളായിരിക്കുമെങ്കിൽ സാധ്യതകളുടെ വലിയൊരു ജാലകം നമുക്ക് മുന്നിൽ തുറക്കും. നമ്മുടെ സഭ അനുഗ്രഹിക്കപ്പെടും. ദേശം അനുഗ്രഹിക്കപ്പെടും. ദൈവരാജ്യത്തിന്റെ അതിരുകൾ വിസ്തൃതമാകും. മനുഷ്യർ സ്വസ്നേഹികളായി സ്വന്തം ലാഭം മാത്രം നോക്കി പ്രവർത്തിക്കുമ്പോൾ നമുക്ക് വ്യത്യസ്തരായി നിലകൊണ്ട് ദൈവസ്നേഹത്തിന്റെ ദൃശ്യജാലകങ്ങളായിരിക്കാം.

നമ്മുടെ പ്രാർത്ഥനകൾ, സാക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ മറ്റുള്ളവരുടെ നന്മയെ ലക്ഷ്യമാക്കി കൊണ്ടായിരിക്കട്ടെ. എങ്കിൽ അവരോടൊപ്പം നമുക്കും അനുഗ്രഹങ്ങൾ ലഭിക്കും. സ്നേഹിതന്മാർക്ക് വേണ്ടി പ്രാർത്ഥിച്ച ഇയ്യോബിനെ ദൈവം അനുഗ്രഹിച്ച വിധം നമുക്ക് അറിവുള്ളതാണല്ലോ. സ്വന്തകാര്യം മാത്രം നോക്കിക്കാണുന്ന ശരിക്കും തുറക്കാത്ത ചെറിയ ജാലകമല്ല വിശ്വാസത്തിന്റേത്. എല്ലാവരേയും ഉൾക്കൊള്ളുന്ന വിശാലമായ ജാലകമാണത്. ആകയാൽ നമ്മുടെ മുന്നിലുള്ള ചെറിയ ജാലകത്തെ വലുതാക്കാം. നന്മ ചെയ്കയിൽ നാം മടുത്ത് പോകരുത്; തളർന്നു പോകാഞ്ഞാൽ തക്ക സമയത്ത് നാം കൊയ്യും. ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മചെയ്ക (ഗലാത്യർ6:9,10). സാധ്യതകളുടെ എത്ര വലിയ ജാലകം !.

***- പാസ്റ്റർ എം. സാമുവൽകുട്ടി***


## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
**പാസ്റ്റർ എം. സാമുവൽകുട്ടി**

അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
ജോൺ ടി. വർഗ്ഗീസ്
ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : ***വിശ്വാസി*** ഗ്രാഫിക്സ്, ഡൽഹി



## വരിസംഖ്യ

വരിസംഖ്യ നിരക്ക്
ഒരുവർഷത്തേക്ക്

| | |
|---|---|
| ഇന്ത്യയിൽ | :36 രൂപ |
| ഗൾഫ് | :300 രൂപ |
| യു.എസ് | :10 $ |
| കാനഡ | :10 $ |


## ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ,വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു. ***-പത്രാധിപർ***

## പഠനസഹായ വിതരണം

ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ വിദ്യാഭ്യാസ സഹായ പദ്ധതിയുടെ ഭാഗമായി പ്ലസ്ടുവിനു ശേഷം ഉന്നത വിദ്യാഭ്യാസം ചെയ്യുന്നവരും കോഴ്സുകളിൽ ചേരുവാൻ തയ്യാറെടുക്കുന്നവരുമായ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചുകളിലെ വിശ്വാസികളുമായ വിദ്യാർത്ഥിനി- വിദ്യാർത്ഥികൾക്ക് ഉള്ള സാമ്പത്തിക സഹായം വിതരണം ചെയ്യുന്നു. 2011 ജൂൺ 12ന് അടൂർ ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിൽ വച്ച് നടക്കുന്ന പ്രത്യേക യോഗത്തിൽ വച്ച് ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി വിതരണം നിർവ്വഹിക്കും.

## ചിൽഡ്രൻസ് ഫെസ്റ്റ് 2011 നടത്തപ്പെട്ടു

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

സമ്മേളനം എഫ്.സി.ബി.സി. പ്രിൻസിപ്പാൾ പാസ്റ്റർ എബി ജോർജ്ജിന്റെ പ്രാർത്ഥനയോടെ ആരംഭിക്കുകയും പാസ്റ്റർ ബിജു ബെഞ്ചമിൻ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് കേരളാ റീജൻ സെക്രട്ടറി പാസ്റ്റർ ഡി. ജോൺ കുട്ടികൾക്കും അദ്ധ്യാപകർക്കുമുള്ള സർട്ടിഫിക്കേറ്റ് വിതരണം ചെയ്തു.

ബ്രദർ മനോജ് കെ, സുവി. ബ്ലസ്സൻ, സുവി. ജോൺസി ജോർജ്ജ്, സിസ്റ്റർ ബ്ലെസ്സി എന്നിവർ ഡയറക്ടേഴ്സ് ആയി പ്രവർത്തിക്കുകയും പാസ്റ്റർ സുമേഷ് പി. ലാസർ, പാസ്റ്റർ ബോബി പി. ജോൺ, പാസ്റ്റർ വിനോദ് കെ, സഹോദരന്മാരായ സുധീഷ് പി. ലാസർ, സന്തോഷ്, സണ്ണി, സഹോദരിമാരായ സുനി തങ്കച്ചൻ, അനു, ശാന്തമ്മ, ജെസ്സി ഫിലിപ്പ്, ബെൽസി ബിജു, ബിന്ദു, സിന്ധു സുരേഷ്, ജോളി സന്തോഷ്, ആലീസ്, ജോളി സുരേന്ദ്രൻ എന്നിവർ അദ്ധ്യാപകരായും പ്രവർത്തിച്ചു.

## വിഷാദം വരുത്തുന്ന വിനകൾ

(മൂന്നാം പേജിൽ നിന്ന് തുടർച്ച)

മ്പോൾ, നമുക്കു ഏറ്റവും പ്രിയപ്പെട്ടവർ മരണം മൂലം വേർപെടുമ്പോൾ, അസഹനീയമായ രോഗങ്ങളും വേദനകളും ഉണ്ടാകുമ്പോൾ അപ്രതീക്ഷിതമായ നഷ്ടം ബിസിനസിൽ സംഭവിക്കുമ്പോൾ, അനാവശ്യമായ ആരോപണങ്ങൾ നമ്മുടെമേൽ കെട്ടിവയ്ക്കുമ്പോൾ, നിന്റെ ഏകജാതനായ മകനോ മകൾക്കോ വിവാഹബന്ധത്തിലൂടെ ലഭിച്ച ജീവിത പങ്കാളി തികച്ചും ഒരു വിനയും മനോഭാരവുമായി തീരുമ്പോൾ നീയും പറഞ്ഞു പോയിട്ടില്ലേ, സർവ്വശക്തൻ എന്റെ ന്യായം നീക്കി, മനോവ്യസനം വരുത്തിയെന്ന്? പ്രശ്ന പരിഹാരത്തിനായി ദൈവസന്നിധിയിൽ ഇരുന്നു പ്രാർത്ഥിച്ചിട്ടു യാതൊരു മറുപടിയും ലഭിക്കാതെ വരുമ്പോഴാണ് ഇങ്ങനെയുള്ള വാക്കുകൾ നാം ഉച്ചരിക്കുന്നത്. അപകട മരണങ്ങളും അത്യാഹിതങ്ങളും മൂലം മനസ്സിന്റെ സമനില തെറ്റിയവർ വളരെയാണ്. എന്നെപ്പോലെ ഒരു ഭാഗ്യദോഷി മറ്റാരുള്ളു എന്നു ചോദിച്ചിട്ടുള്ളവരും വിരളമല്ല. എന്നാൽ, പതിനായിരക്കണക്കിനാളുകൾ നീ പോകുന്ന പാതയിൽക്കൂടി സഞ്ചരിക്കുന്നുണ്ട് എന്ന യാഥാർത്ഥ്യം വിസ്മരിക്കരുത്.

പുതിയ നിയമ സഭാചരിത്രത്തിൽ അപ്പൊസ്തലനായ പൗലൊസിനെപ്പോലെ ഒരു മഹാനായ മനുഷ്യൻ ഉണ്ടായിട്ടില്ല. വെളിപ്പാടുകളുടെ ആധിക്യത്തിൽ അവൻ നിഗളിച്ചു പോകാതിരിക്കേണ്ടതിന് അവനെ കുത്തുവാൻ സാത്താന്റെ ദൂതനെ ദൈവം നിയോഗിച്ചിരുന്നു. അതു ജഡത്തിൽ താൻ അനുഭവിച്ച ഒരു ശൂലം ആയിരുന്നു. ഈ ശൂലം അഥവാ മുള്ള് എന്തായിരുന്നു എന്നതിനെപ്പറ്റി വിവിധങ്ങളായ അഭിപ്രായങ്ങൾ നിലവിലുണ്ട്. അതു എന്തെന്നു വ്യക്തമായി തിരുവചനത്തിൽ പറഞ്ഞിട്ടില്ലായ്കയാൽ അനുമാനങ്ങൾക്കു പ്രസക്തിയില്ല. ഏതായാലും തന്റെ ജഡശരീരത്തിൽ താൻ അനുഭവിച്ച ഒരു ക്ലേശമായിരുന്നു ഈ ശൂലം എന്നതു തർക്കമറ്റസംഗതിയാണ്. ഈ മുള്ളുമാറികിട്ടുവാൻ താൻ മൂന്നു പ്രാവശ്യം അപേക്ഷിച്ചു എങ്കിലും തന്റെ അപേക്ഷ തള്ളപ്പെടുകയാണുണ്ടായത്. പൗലൊസിന്റെ ശരീരത്തിൽ നിന്ന് റൂമാലും ഉത്തരീയവും കൊണ്ടിട്ടാൽ രോഗികൾ സൗഖ്യം പ്രാപിക്കുമായിരുന്നു എങ്കിലും, സ്വന്തം ജീവിതത്തിൽ അനുഭവിച്ച ഈ ക്ലേശത്തിനു ദൈവം പരിഹാരം വരുത്തിയില്ല എന്നത് പ്രത്യേകം കുറിക്കൊള്ളേണ്ടതത്രെ. ഇവിടെ നിന്നും നമുക്കു ചില ഗുണപാഠങ്ങൾ ലഭിക്കുന്നു. ചിലർക്കു വിവിധങ്ങളായ പരിശോധനകൾ ഉണ്ട്. എന്നാൽ, മറ്റു ചിലർക്കു ഒരു ശൂലം മാത്രമേ ഉണ്ടായിരിക്കുകയുള്ളു. ആ ശൂലം കൂടെകൂടെ അവരെ മുറിവേൽപ്പിച്ചുകൊണ്ടിരിക്കും. ഉപവസിച്ചാലും പ്രാർത്ഥിച്ചാലും ആ ശൂലം മാറുകയില്ല. അതു അത്യുന്നതൻ അനുവദിച്ചിട്ടുള്ളതാണ്. ആത്മീയ ജീവിതത്തിന്റെ അഭിവൃദ്ധിക്കു അതു അനിവാര്യമാണ്. എന്തെങ്കിലും ഒരു ശൂലം ഇല്ലാത്ത വിശുദ്ധന്മാർ ഭൂമിയിൽ ഉണ്ടായിരിക്കുകയില്ല. അതു മാറികിട്ടുവാൻ പ്രാർത്ഥിച്ചതുകൊണ്ട് പ്രയോജനം ഇല്ല എങ്കിലും പ്രശ്നത്തെ അഭിമുഖീകരിക്കുവാൻ ആവശ്യമായ ദൈവകൃപ ലഭിച്ചുകൊണ്ടിരിക്കും. "എന്റെ കൃപ നിനക്കു മതി. എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു" എന്നായിരുന്നു പൗലൊസിന്റെ പ്രാർത്ഥനയ്ക്ക് ലഭിച്ച മറുപടി (2 കൊരിന്ത്യർ 12:8,9).

(കടപ്പാട്; *വിശുദ്ധൻമാരുടെ കഷ്ടതകൾ* )

തുടരും

# വിഷാദം വരുത്തുന്ന വിനകൾ



**പാസ്റ്റർ കെ. ജോയി**
**ന്യൂഡൽഹി**

*"എന്റെ ന്യായം നീക്കിക്കളഞ്ഞ ദൈവത്താണ, എനിക്കു മനോവ്യസനം വരുത്തിയ സർവ്വശക്തനാണ" (ഇയ്യോബ് 27:2).*

ഇയ്യോബിന്റെ കഷ്ടതയുടെ കാഠിന്യം ഈ വാക്കുകളിൽ നിന്ന് ഗ്രഹിക്കാം. വിശുദ്ധന്മാർ തങ്ങളുടെ കഷ്ടതകളിൽ പ്രശംസിക്കുന്നവരാണ്. വേദനകളെ അതിജീവിക്കേണ്ടവരാണ്. എന്നാൽ, ആത്മാവു ഒരുക്കമുള്ളതെങ്കിലും ജഡം ബലഹീനമല്ലോ. നിരാശയും വേദനകളും അതികഠിനമായിത്തീരുമ്പോൾ നാമും വിഹിതമല്ലാത്ത വാക്കുകൾ ഉച്ചരിച്ചു എന്നു വരാം. അനുഭവിക്കുന്ന സകല വ്യഥകളും ദൈവം വരുത്തിയതാണെന്നും അവന്റെ ന്യായം ദൈവം നീക്കികളഞ്ഞു എന്നും ഭക്തൻ പറയുന്നു. പ്രതിസന്ധികളുടെ നൂലാമാലകൾ ഒന്നുനു പുറകേ ഒന്നായി നേരിടേണ്ടി വന്നിട്ടും, ഇതിലൊന്നിലും ഇയ്യോബ് പാപം ചെയ്കയോ ദൈവത്തിനു ഭോഷത്വം ആരോപിക്കയോ ചെയ്തില്ല എന്നത് പ്രശംസനീയമായ ഒരു പ്രകൃതിയത്രെ (ഇയ്യോബ് 1:22). തന്റെ ന്യായം നീക്കിക്കളഞ്ഞത് ദൈവമാണ് എന്നറിഞ്ഞിട്ടും ആ ദൈവത്തിൽ തന്നെ അവൻ ആശ്രയിക്കുന്നു. അവൻ സർവ്വശക്തൻ എന്നു വിശ്വസിക്കുന്നു. അത്യുന്നതനോടുള്ള അവന്റെ ബന്ധത്തിനു യാതൊരു കോട്ടവും സംഭവിച്ചിട്ടില്ല. അവൻ എന്നെ കൊന്നാലും ഞാൻ അവനായിത്തന്നെ കാത്തിരിക്കും എന്നു പറയത്തക്ക ധൈര്യം അവനുണ്ടായിരുന്നു. ആത്മീയപക്വത ഉള്ളവർക്കു മാത്രമേ ഇപ്രകാരം പ്രസ്താവിക്കുവാൻ കഴിയൂ.

ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു തിരുവചനം പറയുന്നു. ഇയ്യോബിന്റെ ജീവിതത്തിൽ സംഭവിച്ചതെല്ലാം ഒടുവിൽ തന്റെ നന്മയ്ക്കായി ഭവിച്ചു. 42-ാം അദ്ധ്യായം 12-ാം വാക്യം കാണുക. "യഹോവ ഇയ്യോബിന്റെ പിൻകാലത്തെ അവന്റെ മുൻകാലത്തേക്കാൾ അധികം അനുഗ്രഹിച്ചു. അവനു പതിനാലായിരം ആടും ആറായിരം ഒട്ടകവും ആയിരം ഏർ കാളയും ആയിരം പെൺ കഴുതയും ഉണ്ടായി." ഒന്നാം അദ്ധ്യായം മൂന്നാം വാക്യം ഇതോടുചേർത്തു വായിക്കുക. സകലവും ഇരട്ടിയായി നൽകി എന്നു ഗ്രഹിക്കാം. 42:13ൽ അവനു ഏഴു പുത്രന്മാരും മൂന്നു പുത്രിമാരും ജനിച്ചു എന്നു കാണുന്നു. മക്കളുടെ സംഖ്യ ഇരട്ടിച്ചില്ല. കാരണം നേരത്തേയുള്ള പത്തു മക്കളും സ്വർഗ്ഗത്തിൽ വാഴുന്നുണ്ടായിരുന്നു. അങ്ങനെ ഇഹത്തിലും പരത്തിലും ഉള്ള മക്കളുടെ സംഖ്യ കണക്കു കൂട്ടിയാൽ ഇരുപത് മക്കളുടെ പിതാവായി തീരുവാൻ അവന് ഭാഗ്യമുണ്ടായി എന്നു ഗ്രഹിക്കാം. എല്ലാ നിലയിലും അവന് ഇരട്ടി അനുഗ്രഹങ്ങൾ ലഭിച്ചു. അവന്റെ ആത്മീയ ജീവിതത്തിലും ഭക്തിയുടെ കാര്യത്തിലും ഗണ്യമായ പുരോഗതിയാണ് ഉണ്ടായത്. സ്വയം പ്രശംസ എന്ന ഒരു തെറ്റ് തനിക്കുണ്ടായിരുന്നു എന്ന് ഈ പുസ്തകം വായിക്കുമ്പോൾ നമുക്കു തോന്നിപ്പോകും. അങ്ങനെയുള്ള ഒരു ബലഹീനത ഈ ദൈവഭക്തന് ഉണ്ടായിരുന്നു എങ്കിൽ ഈ പരിശോധനയ്ക്കു ശേഷം അവൻ ഒരു ശിശുവിനെപ്പോലെ സ്വയം താഴ്ത്തുവാൻ സംഗതിവന്നു. തന്റെ ജീവിത വസ്ത്രത്തിൽ പറ്റിപ്പിടിച്ച സകല കീടങ്ങളും സമ്പൂർണ്ണമായി നീങ്ങിപ്പോകുവാൻ സാധിച്ചു.

> **എന്തെങ്കിലും ഒരു ശൂലം ഇല്ലാത്ത വിശുദ്ധന്മാർ ഭൂമിയിൽ ഉണ്ടായിരിക്കുകയില്ല. അതു മാറികിട്ടുവാൻ പ്രാർത്ഥിച്ചതുകൊണ്ട് പ്രയോജനം ഇല്ല എങ്കിലും പ്രശ്നത്തെ അഭിമുഖീകരിക്കുവാൻ ആവശ്യമായ ദൈവകൃപ ലഭിച്ചുകൊണ്ടിരിക്കും.**

മാറയെ മധുരമാക്കുന്ന മഹോന്നതനെ നമുക്കു മഹത്വപ്പെടുത്താം. "നീ ഞങ്ങളെ ക്ലേശിപ്പിച്ച ദിവസങ്ങൾക്കും ഞങ്ങൾ അനർത്ഥം അനുഭവിച്ച സംവത്സരങ്ങൾക്കും തക്കവണ്ണം ഞങ്ങളെ സന്തോഷിപ്പിക്കണമേ" എന്ന മോശയുടെ പ്രാർത്ഥന ഇയ്യോബിന്റെ ജീവിതത്തിൽ അന്വർത്ഥമായി തീർന്നു (സങ്കീർത്തനം 90:15). പരുക്കൾ, ചാരം, ഓട്ടുകഷ ണം, നഷ്ടമായ സമ്പത്ത്, മരിച്ചുപോയ സന്തതികൾ എന്നിവയെക്കുറിച്ച് ഒന്നും ഇനി താൻ ഓർക്കുന്നതേയില്ല. തന്റെ യൗവ്വനം കഴുകനെപ്പോലെ പുതുകി വരത്തക്കവണ്ണം വായിക്കു നന്മകൊണ്ട് തൃപ്തി വരുത്തിയ ദൈവത്തെ സ്തുതിക്കുവാൻ മാത്രമേ ഇനി സാധിക്കയുള്ളു (സങ്കീർത്തനം 103:5).

ഈ ഭാഗം വായിക്കുന്ന പ്രിയ സഹോദരാ, സഹോദരി, നീ കണ്ണുനീരിന്റെ താഴ്വര തരണം ചെയ്യുകയാണോ? കയ്പ്പു നീരു കുടിക്കുകയാണോ? മീതെ കാർമേഘപടലങ്ങൾ നിന്റെ ആത്മീയ ജീവിതത്തെ മൂടിയതായി തോന്നുന്നുവോ? സർവ്വശക്തൻ നിന്റെ ന്യായം നീക്കിക്കളഞ്ഞു എന്നു നീ വിചാരിക്കുന്നുവോ? ഇയ്യോബിനെപ്പോലെ നീ ഭക്തി മുറുകെ പിടിച്ചുകൊൾക. ഈ കൂരിരുട്ട് നീങ്ങാറായി. കാർമേഘപടലങ്ങൾക്കുള്ളിൽ മിന്നുന്ന സൂര്യനെ കാണാറായി. മാറായിലെ വെള്ളം മധുരമാക്കി തീർക്കുന്നവൻ നിന്നോടുകൂടെയുണ്ട്. "പിതാവു എനിക്കു തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ" എന്നു ചോദിച്ച കർത്താവും, "നാം ദൈവത്തിൽ നിന്ന് നന്മ കൈക്കൊള്ളുന്നു, തിന്മയും കൈക്കൊള്ളരുതോ" എന്നു ചോദിച്ച ഇയ്യോബും നിനക്കു മാതൃക ആയിരിക്കട്ടെ (ഇയ്യോബ് 2:10; യോഹന്നാൻ 18:10,11). "ഭയപ്പെടേണ്ട, ഉറച്ചു നിൽപ്പിൻ. യഹോവ നിങ്ങൾക്കു ചെയ്വാനിരിക്കുന്ന നന്മ കണ്ടുകൊൾവിൻ. നിങ്ങൾ ഇന്നു കണ്ടിട്ടുള്ള മിസ്രയീമ്യരെ ഇനി ഒരുനാളും കാണുകയില്ല" (പുറപ്പാട് 14:13). യഹോവയിങ്കൽ പ്രത്യാശ വെയ്ക്കുക. ധൈര്യപ്പെട്ടിരിക്ക. നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ (സങ്കീർത്തനം 27:14).

ഇനിയും നമുക്ക് വിചിന്തന വാക്യത്തിന്റെ ആഴങ്ങളിലേക്കു അൽപ്പം ഇറങ്ങാൻ ശ്രമിക്കാം. സകലത്തിനും ലാക്കും സകലത്തിനും കാരണഭൂതനുമായവൻ അനേകം പുത്രന്മാരേ തേജസ്സിലേക്കു നടത്തുമ്പോൾ അവരുടെ രക്ഷാനായകനെ കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനാക്കുന്നത് യുക്തം ആയിരുന്നു (എബ്രായർ 2:10). യേശുക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങൾ എല്ലാ കാലത്തും നമുക്കു ഒരു മാതൃക തന്നെ (എബ്രായർ 5:8; 1പത്രൊസ് 2:20-23). കഷ്ടതയുടെ കാഠിന്യത്തിൽ നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്?" എന്നു ഉറക്കെ നിലവിളിച്ചു. അങ്ങനെയെങ്കിൽ, ദൈവം എന്റെ ന്യായം നീക്കിക്കളഞ്ഞു എന്നും സർവ്വശക്തൻ എനിക്കു മനോവ്യസനം വരുത്തിയെന്നും ഭക്തന്മാർ തങ്ങളുടെ പരിശോധനാവേളയിൽ പറഞ്ഞുപോയാൽ അതിൽ അതിശയിക്കാനൊന്നുമില്ല. വിഷാദം വരുത്തുന്ന വിനകൾ വിവിധങ്ങളാണ്. അവ വർണ്ണനാതീതമാണ്. നമ്മുടെ അരുമസന്താനങ്ങളിൽ ആരെങ്കിലും അപ്രതീക്ഷിതമായി മരിച്ചുപോകു

(ശേഷം രണ്ടാം പേജിൽ)

# മക്കളെ എങ്ങനെ വളർത്തണം?

(നാലാം പേജിൽ നിന്ന് തുടർച്ച)

വലിയ കുഴപ്പമില്ലാതെ ജീവിതം നയിക്കുന്നുവെന്ന് അവർ പറയുന്നു.

ബോണി ഓയെ (Bonnie Ohye) എന്ന ജാപ്പനീസ് അമേരിക്കൻ വംശജയായ എഴുത്തുകാരി ജപ്പാൻ മാതാക്കൾ കുട്ടികളെ വളർത്തുന്നത് അവരുമായി വൈകാരികമായി സംവദിച്ചുകൊണ്ടാണെന്ന് Love in to Languages; Lessons in Mothering in a Culture of Individuality എന്ന പുസ്തകത്തിൽ പ്രസ്താവിക്കുന്നു. ചെറുതും വലുതുമായ നോട്ടങ്ങൾ, സ്പർശനങ്ങൾ, ആംഗ്യങ്ങൾ എന്നിവയുടെ ശക്തി കൊണ്ട് കുട്ടികളുടെ സൂക്ഷ്മവും, മൃദുലവും ബലഹീനവും അയ മാനസിക ആവശ്യങ്ങളെ അവർ പൂർത്തീകരിക്കുന്നുവെന്ന് പുസ്തകത്തിൽ സമർത്ഥിക്കുന്നതായി ശോഭ പറയുന്നു.

അമിയുടെ പുസ്തക പ്രസിദ്ധീകരണത്തെ തുടർന്ന്, *ഹിന്ദുസ്ഥാൻ ടൈംസ്* (ഫെബ്രുവരി 6) ദ് ബിഗ് സ്റ്റോറി എന്ന പംക്തിയിൽ ദ് ബുൾ പേരന്റ്സ് എന്ന ശീർഷകം ചാർത്തിയിരിക്കുന്നത് ഇന്ത്യൻ മാതാപിതാക്കൾക്കാണ്. ചൈനാക്കാരുടെ അത്ര കഠിനമായ ശിക്ഷണത്തിൽ അല്ലെങ്കിലും വിജയലക്ഷ്യങ്ങൾ കൈവരിക്കുവാൻ മക്കളെ തികഞ്ഞ ചിട്ടവട്ടങ്ങളിലാണ് ഇന്ത്യൻ മാതാപിതാക്കൾ വളർത്തുന്നതെന്ന് ലേഖനത്തിൽ പറയുന്നത്. എന്നാൽ, ചൈനയുടെ കൃത്യമായ വിജയലക്ഷ്യങ്ങൾ മാത്രമല്ല അമേരിക്കക്കാരുടെ സർഗശേഷിയും ഇന്ത്യൻ മാതാപിതാക്കൾ മക്കളിൽ ആഗ്രഹിക്കണമെന്ന് പ്രമുഖ നിരീക്ഷകനായ ഗുർചരൺ ദാസ് കരുതുന്നു. ഇന്റർനെറ്റും ഐപാഡും ചൈനയിൽ അല്ല അമേരിക്കയിലാണ് കണ്ട് പിടിച്ചതെന്ന് അദ്ദേഹം പറയുന്നു.

ഇന്ത്യൻ മാതാപിതാക്കളിലും കുട്ടികളെ അലസരായി വളർത്തുന്നവരും തീരെ കാർക്കശ്യത്തിൽ വളർത്തുന്നവരുമുണ്ട്. എന്നാൽ, ലക്ഷ്യങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്ന, അതിൽ വിജയിക്കുന്ന ഇന്ത്യൻ യുവത എത്രത്തോളം സാമൂഹിക അവബോധമുള്ളവരാണ്? *ഹിന്ദുസ്ഥാൻ ടൈംസിലെ* തന്നെ ബ്ളഡി മേരി എന്ന കോളത്തിൽ സാഗരിക ഘോഷ് പറയുന്നത് ഒരു സർവ്വേപ്രകാരം ഇന്ത്യൻ യുവജനത വിപ്ളവകരമായ മാറ്റങ്ങൾ ആഗ്രഹിക്കാത്തവരും, പുതിയവ ചെയ്യാൻ സാഹസപ്പെടുന്നതിൽ അങ്ങേയറ്റം വിമുഖരും, വലതുപക്ഷരാഷ്ട്രീയ നിലപാടുകൾ ഉള്ളവരും യാഥാസ്ഥിതികരും ന്യൂനപക്ഷങ്ങളെ നിന്ദിക്കുന്നവരും ആണെന്നത്രെ. മാതാപിതാക്കളുടെ മുന്നിൽ അതിബഹുമാനം പ്രകടിപ്പിക്കുന്ന ഇവർ വെളിയിൽ മദ്യപിച്ച് വണ്ടി ഓടിക്കുവാൻ മടിക്കുന്നവരല്ല.

ഇത്തരം സ്ഥിതിവിശേഷങ്ങൾ നിലവിലുള്ളപ്പോൾ വിശ്വാസികളായ മാതാപിതാക്കൾ എങ്ങനെയാണ് കുട്ടികളെ വളർത്തേണ്ടത്? ഒട്ടും ശങ്കിക്കേണ്ട. വചനം അനുശാസിക്കുന്ന രീതിയിൽ തന്നെ. കാലം എത്ര പുരോഗമിച്ചാലും, സംസ്കാരങ്ങൾ കൂടികലരുമ്പോഴും വേദപുസ്തകസംസ്കാരത്തിൽ തന്നെ നാം കുട്ടികളെ വളർത്തണം. ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നത് എങ്ങനെ ? നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ (സങ്കീർത്തനം 119:9) പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലുംപത്ഥ്യോപദേശത്തിലും പോറ്റിവളർത്തുവിൻ (എഫെസ്യർ 6: 4). ❖

## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
5. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
6. വിശ്വാസി പബ്ളിക്കേഷൻസ്
8. മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

INDIAN CHRISTIAN MISSION
87, TENEMENT-II, RBTB HOSPITAL, KINGSWAY CAMP, DELHI-110009
Ph: (011)- 27658810, E-mail: icm4india@yahoo.com,
Website: www.indianchristianmission.com

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 09 - 11
NEWSPAPER REGN. No. 65362 / 97
*Price Rs. 3/-*

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website: www.indianchristianmission.com

# മക്കളെ എങ്ങനെ വളർത്തണം?

**എസ്. അജാൻ**
**ന്യൂഡൽഹി**

വിവിധ സംസ്കാരങ്ങൾ സമ്മേളിക്കുന്ന, വ്യക്തി സ്വാതന്ത്ര്യത്തിന് വളരെ പ്രാധാന്യം കൽപ്പിക്കുന്ന ഈ കാലഘട്ടത്തിൽ മാതാപിതാക്കളെ കുഴപ്പിക്കുന്ന ഒരു ചോദ്യമാണ് ലേഖനത്തിന്റെ തലവാചകം. ഈ മാസം കേരളത്തിലും മറ്റ് പലയിടങ്ങളിലും ഒരു അദ്ധ്യയന വർഷം കൂടി ആരംഭിക്കുകയാണ്. മക്കൾ പഠിത്തത്തിൽ കേമരായി ശോഭനീയവും സുരക്ഷിതവുമായ ഒരു ഭാവി ഉറപ്പാക്കണം എന്ന് എല്ലാമാതാപിതാക്കളും ആഗ്രഹിക്കുന്നു. ചില അമ്മയപ്പൻമാർക്ക് ഇതിൽ വളരെ താല്പര്യവും ഉത്കണ്ഠയും ഉണ്ടായിരിക്കും. വിശേഷിച്ച് അമ്മമാർക്കാണ് കൂടുതൽ ഹൃദയഭാരം. മക്കൾ എന്നും മുൻപന്തിയിൽ തന്നെ ഉണ്ടായിരിക്കണം എന്ന ശാഠ്യം നിമിത്തം അവർ മക്കളെ കർശനമായ ചിട്ടകൾക്കും ശിക്ഷണത്തിനും വിധേയരാക്കുന്നു. ചൈനക്കാരായ മാതാപിതാക്കളുടെ, വിശേഷിച്ചും മാതാക്കളുടെ കർക്കശമായ ശിക്ഷണമാണ് ഇന്ന് ചൈനാക്കാരായ ചെറുപ്പക്കാർ നേട്ടങ്ങൾ വാരിക്കൂട്ടുന്നതെന്നും അമേരിക്കയിലേയും മറ്റ് പാശ്ചാത്യരാജ്യങ്ങളിലേയും മാതാപിതാക്കൾ കുട്ടികളെ വളർത്തുന്നതിൽ പുലർത്തുന്ന അയവുള്ള സമീപനങ്ങൾ ആണ് അവരെ പിന്നിലാക്കുന്നതെന്നും യേൽ ലോ സ്കൂൾ പ്രൊഫസറായ അമിചുഅ (Amy Chua) Battle Hymm of the Tiger Mother ( *പുലിയമ്മയുടെ യുദ്ധകാവ്യം* എന്നർത്ഥം) എന്ന തന്റെ പുസ്തകത്തിൽ സമർത്ഥിക്കുന്നു.

ഈ വർഷം ജനുവരിയിൽ പുറത്തിറങ്ങിയ ഈ പുസ്തകം വലിയ പ്രതികരണങ്ങൾ ഉളവാക്കി. ചൈനയിൽ നിന്നും അമേരിക്കയിലെത്തിയ മാതാപിതാക്കളുടെ മകളായ അമി വിവാഹം ചെയ്തിരിക്കുന്നത് അമേരിക്കൻ യഹൂദ വംശജനും യേൽ ലോ സ്ക്കൂളിലെ തന്നെ പ്രൊഫസറും നോവലിസ്റ്റുമായ ജെഡ് റൂബൻഫെൽഡിനെയാണ്. ജെഡിന്റെ അഭിപ്രായവ്യത്യാസങ്ങളെ മറികടന്നുകൊണ്ടാണ് അമി തന്റെ രണ്ട് പെൺകുട്ടികളെ കർശനമായ ശിക്ഷണത്തിൽ വളർത്തി അവരെ നേട്ടങ്ങൾക്ക് ഉടമകളാക്കിയതാണ് പുസ്തകത്തിലെ പ്രതിപാദ്യം. അമിയെയും മാതാവ് ഇങ്ങനെയായിരുന്നു വളർത്തിയത്.



അമേരിക്കയിലെ ചൈനാക്കാരായ മാതാപിതാക്കളെ പൊതുവായി പ്രതിപാദിക്കുമ്പോഴും കൂട്ടത്തിൽ ഇന്ത്യൻ, കൊറിയൻ, ജമൈക്കൻ, ഐറിഷ്, ഘാന വംശജരായ മാതാപിതാക്കളെയും അമി ശ്ളാഘിക്കുന്നു. അമേരിക്കൻ മാതാപിതാക്കളിലും എല്ലാതരക്കാരുമുണ്ടെന്നും എന്നാൽ അവരിൽ ഏറ്റവും വിട്ടുവീഴ്ച്ചയില്ലാത്തവർപോലും ചൈനീസ് അമ്മമാരുടെ അടുത്തെത്തില്ലെന്ന് അമി നിരീക്ഷിക്കുന്നു.

അമേരിക്കൻ മാതാപിതാക്കൾ കുട്ടികളുടെ മാനസികവും വൈകാരികവും ആയ പ്രശ്നങ്ങൾക്ക് ഊന്നൽകൊടുത്ത് അവരുടെ ഹൃദയങ്ങളെ വ്രണപ്പെടുത്താതിരിക്കാൻ ശ്രമിക്കുന്നത് അവരെ അലസരും നിരുത്തരവാദികളും ആക്കുമെന്നാണ് അമിയുടെ അഭിപ്രായം. നേരെ മറിച്ച്, ഒരു ക്ലാസ് ടെസ്റ്റിൽ പോലും തോറ്റാൽ ചൈനാക്കാരിയായ അമ്മ മക്കളെ കഠിനമായി ശിക്ഷിക്കുന്നു. ഇത് അവരെ വിജയത്തിലേക്ക് ആനയിക്കുന്നു.

അമിയുടെ പുസ്തകം അമേരിക്കയെ ഇളക്കിമറിച്ചിരിക്കുകയാണെന്നത്രെ *ഓപ്പൺ* വാരികയുടെ (ലക്കം മാർച്ച് 7) പുസ്തകാഭിപ്രായ പംക്തിയിൽ ദ് ടൈഗർ മം ഡിബേറ്റ് എന്ന ലേഖനത്തിൽ അത്രയി മജുംദാർ അഭിപ്രായപ്പെട്ടിരിക്കുന്നത്. പ്രശസ്ത എഴുത്തുകാരിയായ ശോഭാ ഡേ *ദ് വീക്കിൽ* എഴുതിവരുന്ന പംക്തിയായ ദ് സെക്സെസിൽ ബാറ്റൽ ഓഫ് ദ് പുസ്സി ക്യാറ്റ് മദർ എന്ന അമിയുടെ പുസ്തകത്തിനോടുള്ള പ്രതികരണത്തിൽ അവർ മക്കളെ വളർത്തിയത് വെറും പൂച്ച പോലെയോ ചിലപ്പോഴൊക്കെ പാവമൊരു പശു പോലയോ ആയിരുന്നുവെന്ന് പറയുന്നു. ഇനിയും അവരുടെ അമ്മയോ, സൗമ്യതയുള്ള കുഞ്ഞാടായിരുന്നുവെന്ന് ശോഭ ഓർക്കുന്നു. ഇങ്ങനെയൊക്കെ ആയാലും തള്ള പൂച്ചയുടെ പൂച്ചകുട്ടികൾ

(ശേഷം മൂന്നാം പേജിൽ)

ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം

## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്

(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)

| കോഴ്സ് | കാലദൈർഘ്യം | യോഗ്യത | മാധ്യമം |
|---|---|---|---|
| ബാച്ചിലർ ഇൻ തിയോളജി | 3 വർഷം | +2, എച്ച്. എസ്. ഇ. | ഇംഗ്ലീഷ് |
| ഡിപ്ലോമ ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |
| സർട്ടിഫിക്കറ്റ് ഇൻ തിയോളജി (സായാഹ്ന കോഴ്സ്) | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |

സവിശേഷത

ആത്മീയ അന്തരീക്ഷം
സുവിശേഷീകരണത്തിൽ പ്രായോഗിക പരിശീലനം
യോഗ്യതയും ആത്മനിറവുമുള്ള അധ്യാപകർ
പഠനാനന്തരം ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ
അയാട്ട (IATA) അംഗീകൃതം

*റഗുലർ ബാച്ചിൽ പഠിക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്കും സുവിശേഷ വേലയിൽ താല്പര്യമുള്ള കുടുംബസ്ഥർക്കും വേണ്ടി സി.റ്റി.എച്ച് സായാഹ്ന കോഴ്സ്. ജൂൺ 12ന് ക്ലാസ്സുകൾ ആരംഭിക്കുന്നു.*

Faith Celebration Bible College, Shanthy Nagar, Police Station Road, Adoor PO, Pathanamthitta, Kerala 691523,
Ph. 04734 - 225213, E-Mail:- fcbcadur@yahoo.com, Website: www.indianchristianmission.com

വേദവിചാരം

# അർത്ഥവത്തായ ജീവിതം



പാസ്റ്റർ ബിജു ബഞ്ചമിൻ

ജീവിത വിജയത്തിന് കുറുക്കുവഴികളില്ല. നേരേയുള്ള പാതകൾ മാത്രമാണുള്ളത്. നമ്മുടെ നൈസർഗ്ഗീകമായ പ്രവർത്തനങ്ങളിലൂടെയും സംവിധാനങ്ങളിലൂടെയും പരിശ്രമങ്ങളിലൂടെയും പര്യവേഷണങ്ങളിലൂടെയും പുതുമകൾ പരീക്ഷിക്കുമ്പോൾ വിജയലക്ഷ്യത്തിലേക്കുള്ള യാത്രയുടെ ദൈർഘ്യം കുറയുന്നു. നമ്മുടെ പ്രവർത്തികൾ ക്രമീകൃതവും ലക്ഷ്യബോധവും പ്രാവർത്തികവുമായിരിക്കണമെന്നും മനുഷ്യരുടെ ജീവിതം എല്ലാ നിലകളിലും അനുഗ്രഹപൂർണ്ണവും അർത്ഥമുള്ളതുമാകണമെന്നും ദൈവം ആഗ്രഹിക്കുന്നു. അതിനുള്ള സ്രോതസ്സുകളെ സൃഷ്ടിയിൽ ദൈവം മനുഷ്യന് പ്രദാനം ചെയ്തു. സ്രോതസ്സുകൾ മാത്രമല്ല മാർഗ്ഗനിർദ്ദേശങ്ങളും ദൈവം നമുക്ക് തന്റെ തിരുവചനത്തിലൂടെ നൽകിത്തന്നിരിക്കുന്നു.

ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്ന ലക്ഷ്യങ്ങൾ നാം പൂർത്തീകരിക്കുമ്പോഴാണ് ജീവിതം അർത്ഥവത്താകുന്നത്. നമ്മുടെ ജീവിതചര്യകളെയും, ശീലങ്ങളെയും ചിട്ടപ്പെടുത്തി രൂപീകരിക്കുമ്പോൾ വിജയത്തോടടുക്കുവാൻ നമുക്ക് വേഗത്തിൽ സാധിക്കുന്നു. ദൈവാനുഗ്രഹം അതിനോട് ഒത്തുചേരുമ്പോൾ വിജയം സുനിശ്ചയമാണ്. ഈ പ്രയാണത്തിൽ ദൈവത്തോടും ഇതരമനുഷ്യരോടും പ്രപഞ്ചത്തോടുമുള്ള നമ്മുടെ ബന്ധം മറന്നു പോകരുത്. ദൈവത്തോട് നമുക്കുള്ള സ്നേഹം, ഭക്തി, വിശ്വസ്തത, ആശ്രയം എന്നിവപോലെ തന്നെ സഹജീവികളോടുള്ള നമ്മുടെ ബന്ധവും പ്രധാനപ്പെട്ടതാണ്. കാണുന്ന സോദരനെ സ്നേഹിക്കുവാൻ കഴിയാത്ത വ്യക്തിക്ക് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുവാനും ആരാധിക്കുവാനും കഴിയുകയില്ല. നമുക്ക് വസിക്കുവാൻ ദൈവം നിർമ്മിച്ച് നൽകിയ വസതിയാണ് ഈ പ്രപഞ്ചം. ഈ സത്യം തിരിച്ചറിയാതെ നാം അതിന് നാശം വരുത്തുകയാണ് ചെയ്യുന്നത്. മരിക്കാറായ ഒരു പ്രപഞ്ചത്തിലാണ് നാം പാർക്കുന്നത് എന്ന് ഇനിയെങ്കിലും നാം തിരിച്ചറിയേണം. നമ്മുടെ യുക്തിയും ബോധവും പ്രപഞ്ചത്തെ സംരക്ഷിക്കുവാൻ ഉണർന്ന് പ്രാവർത്തികമാകണം. മനുഷ്യരോടുള്ള ബന്ധത്തിൽ നാം ഓർമ്മയിൽ സൂക്ഷിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യേണ്ട ചില കാര്യങ്ങളാണ് ചുവടെ കുറിക്കുന്നത്.

മറ്റുള്ളവർ നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നതിലും അധികം നാം സന്തോഷത്തോടെ അവർക്ക് പകർന്നു നൽകണം എന്നതാണ് പ്രഥമ തത്വം. ആളുകളുടെ പ്രതീക്ഷകൾ നമ്മെക്കുറിച്ച് വളരെ വലുതാണ്. ദൈവമക്കളായ നമ്മെ വ്യത്യസ്തരായി ലോകം കാണുന്നു. ആളുകളുടെ പ്രതീക്ഷയെക്കാൾ അധികം പകർന്നു നൽകാൻ നമുക്ക് സാധിക്കണം. അത് സന്തോഷത്തോടെയാകുമ്പോൾ മാതൃകാപരവും അർത്ഥവത്തുമായ സാമൂഹിക ജീവിതം കെട്ടിപ്പടുക്കുവാൻ നമുക്ക് കഴിയും. എല്ലാവർക്കും കഴിവുകളും സ്രോതസ്സുകളും ഒരുപോലെയല്ല. നമുക്കുള്ളത് പകർന്നു നൽകുക എന്നതാണ് ശ്രദ്ധേയം. മറ്റുള്ളവരുടെ പ്രതീക്ഷകൾക്കൊത്ത് ഉയരുവാൻ നമ്മിൽ പലർക്കും കഴിയുന്നില്ല എന്നത് ദുഃഖകരമാണ്. കർത്താവായ യേശുവിനെ ഉള്ളിൽ വഹിക്കുന്ന നമുക്ക് മാത്രമേ ലോകരുടെ പ്രതീക്ഷകൾക്ക് ഉത്തരം നൽകുവാൻ കഴിയുകയുള്ളു.

മറ്റുള്ളവരുടെ സ്വപ്നങ്ങളെ നാം പരിഹസിച്ച് തള്ളരുത്. സ്വപ്നമുള്ളവർക്ക് മാത്രമേ ജീവിതത്തിൽ ലക്ഷ്യബോധവും വിജയവും കെട്ടിപ്പടുക്കുവാൻ സാധിക്കുകയുള്ളു. ഇന്ത്യയുടെ മുൻ പ്രഥമ പൗരനും ലോകപ്രശസ്ത ശാസ്ത്രജ്ഞനുമായ ശ്രീ. എ. പി. ജെ. അബ്ദുൾ കലാം വിദ്യാർത്ഥികളെ സ്വപ്നം കാണുവാൻ ഉത്ബോധിപ്പിച്ചത് ഇവിടെ സ്മരണീയമാണ്. അർത്ഥമില്ലാത്ത പകൽകിനാവുകളുടെ കാര്യമല്ല ഇവിടെ വിവക്ഷിക്കുന്നത്. ഭാവിയെക്കുറിച്ചുള്ള വ്യക്തമായ പദ്ധതികളുടെ ദർശനമാണത്. നമ്മുടെ ബുദ്ധിക്ക് നിരക്കാത്തത് എന്ന് തോന്നുന്ന ചില സ്വപ്നങ്ങൾ സഹജർ വിവരിക്കുമ്പോൾ നാം അവരെ പരിഹസിക്കാറുണ്ട്. സ്വപ്നം കണ്ടവർ അത് എത്തിപ്പിടിക്കുമ്പോൾ പരിഹസിക്കുന്ന നമ്മൾ പരാജിതരാകുന്നു. മറ്റുള്ളവരുടെ നല്ല സ്വപ്നങ്ങളെ നമുക്ക് പ്രോത്സാഹിപ്പിക്കുവാൻ കഴിയട്ടെ.

ബന്ധുജനങ്ങളെയോ സഹവാസികളെയോ കണ്ട് നാം ആളുകളെ വിധിക്കരുത്. ഏതൊരാൾക്കും തന്റേതായ ഒരു വ്യക്തിത്വമുണ്ട്. ഒരു പക്ഷേ തന്റെ ബന്ധുക്കളോ സഹചാരികളോ കുപ്രസിദ്ധരായിരിക്കാം. നമുക്ക് ഇഷ്ടമില്ലാത്തവരാകാം. എന്നാൽ ആളുകളെ നാം വ്യക്തിപരമായി വിലയിരുത്തേണം. വ്യക്തിപരമായ പ്രവൃത്തികളെയും സ്വഭാവങ്ങളെയും തിരിച്ചറിഞ്ഞ് അനുമോദിക്കുകയും പ്രോത്സാഹിപ്പിക്കുകയുമാണ് വേണ്ടത്. ഓരോരുത്തരേയും വ്യക്തിപരമായി കാണുവാൻ യേശു ശ്രമിച്ചു. ഒരുവനെ അംഗീകരിക്കുവാൻ അവന്റെ ബന്ധുക്കളെയോ അയൽവാസികളെയോ യേശു പരിഗണിച്ചില്ല.

"സ്നേഹമാണഖില സാരമൂഴിയിൽ" എന്ന് കവിവാക്യം. ഈ ലോകത്തിൽ ഏറ്റവും വലിയ സ്നേഹം വെളിപ്പെടുത്തിയത് യേശുവാണ്. ആ സ്നേഹത്തിൽ ഒരു വലിയ ത്യാഗം ഉണ്ടായിരുന്നു. ത്യാഗമില്ലാതെ സ്നേഹമില്ല. മറ്റുള്ളവരെ സ്നേഹിക്കാതെ അവർക്ക് പലതും കൊടുക്കുവാൻ നമുക്ക് കഴിയും. എന്നാൽ എന്തെങ്കിലും പകർന്നുകൊടുക്കാതെ നമുക്ക് ആരെയും സ്നേഹിക്കുവാൻ കഴിയില്ല. വലിയ നേട്ടത്തിനും വലിയ സ്നേഹത്തിനും വലിയ ത്യാഗം അനിവാര്യമാണ്. ❖

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*